# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.217 04/02/2013-ൽ മറുപടിക്ക്

### സിനിമാ തിയറ്ററുകളിലെ ഇ- ടിക്കറ്റ് സംവിധാനം

ചോദ്യം ഉത്തരം

ശ്രീ. പി.സി.വിഷ്ണുനാഥ്
ശ്രീ. ലൂഡി ലൂയിസ്
ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. പാലോട് രവി

ശ്രീ.കെ.ബി.ഗണേഷ് കുമാർ
( വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സിനിമാ തിയറ്ററുകളിൽ ഇ-ടിക്കറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയുടെ വരുമാന മാർഗ്ഗങ്ങളിലൊന്ന് സിനിമ ടിക്കറ്റ് വിലയിൽ സെസ് ഏർപ്പെടുത്തി പിരിച്ചെടുക്കുന്ന തുകയാണ്. സിനിമാ പ്രേക്ഷകരിൽ നിന്നും സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിലേക്ക് വന്നു ചേരേണ്ട സെസ്സ് തുക, വിനോദനികുതി തുടങ്ങിയവ കൃത്യമായി പിരിച്ചെടുക്കുന്നതിനായിട്ടാണ് ഇ -ടിക്കറ്റിംഗ് സംവിധാനം ഏർപ്പെടുത്തുന്നത് |
| (ബി) | ഇതുകൊണ്ടുള്ള നേട്ടങ്ങൾ എന്തൊക്കെ; വിശദവിവരങ്ങൾ അറിയിക്കുമോ; | (ബി) | ഇതിനായി ഒരുക്കുന്ന സംവിധാനത്തിൽ, കണക്കുകൾ കൃത്യമായി രേഖപ്പെടുത്തുന്നതിനാൽ സിനിമാ പ്രേക്ഷകരിൽ നിന്നും സർക്കാർ ഖജനാവിലേക്ക് എത്തിച്ചേരേണ്ട വിനോദനികുതി, ക്ഷേമനിധിക്കു ലഭ്യമാകാനുള്ള സെസ്സ് തുക എന്നിവ വസൂലാക്കുന്നതിനു സാധിക്കുന്നു. കൂടാതെ, പ്രേക്ഷകർക്ക് ഓൺലൈനിലൂടെ ടിക്കറ്റ് റിസർവ്വ് ചെയ്യാൻ കഴിയുന്നതിലൂടെ തിയേറ്ററുകളിലേക്ക് കൂടുതൽ കുടുംബ പ്രേക്ഷകരെ ആകർഷിക്കുവാൻ കഴിയുന്നതിനൊപ്പം നിർമ്മാതാക്കൾക്ക് കൃത്യമായ കണക്ക് ലഭിക്കുകയും ചെയ്യും. |
| (സി) | നികുതി വെട്ടിപ്പ് തടയാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സംവിധാനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (സി) | ഇ - ടിക്കറ്റിംഗ് മുഖേന ടിക്കറ്റ് വിതരണം സുതാര്യമാക്കുകയും, ഇതിനായി സ്ഥാപിച്ചിട്ടുള്ള കമ്പ്യൂട്ടർ സംവിധാനത്തിലെ ഡേറ്റാ ബേസിൽ ഓരോ ദിവസത്തെയും കണക്കുകൾ കൃത്യമായി |

| | | | |
|---|---|---|---|
| | | | രേഖപ്പെടുത്തുമെന്നതിനാൽ വിനോദ നികുതിയിനത്തിലും ക്ഷേമനിധിയിലേക്ക് എത്തിച്ചേരേണ്ട സെസ്സ് തുകയും എത്രയെന്ന് കണക്കാക്കി അവ കൃത്യമായി തിയേറ്റർ ഉടമകളിൽ നിന്നും സ്വരൂപിക്കാൻ കഴിയുന്നതാണ്. മാത്രമല്ല, തിയേറ്റർ കൗണ്ടറുകളിൽ സ്ഥാപിച്ചിട്ടുള്ള ടിക്കറ്റ് മെഷ്യനിൽ വിനോദ നികുതിയിനത്തിലും, ക്ഷേമനിധി സെസ്സ് ഇനത്തിലും അതാത് തിയേറ്റർ ഉടമകൾ ഒടുക്കേണ്ട തുക കൃത്യമായി രേഖപ്പെടുത്തുമെന്നതിനാൽ, അവ കൃത്യമായി അടക്കുന്നതിൽ നിന്നും തിയേറ്റർ ഉടമകൾക്ക് ഒഴിഞ്ഞുമാറാനാവില്ല. അതിനാൽ നികുതി വെട്ടിപ്പ് ഉണ്ടാകില്ല. |
| (ഡി) | ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ഡി) | പരീക്ഷണാടിസ്ഥാനത്തിൽ ഇ-ടിക്കറ്റിംഗ് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ കീഴിൽ പാലക്കാട്(ചിറ്റൂർ) തിരുവനന്തപുരം (കൈരളി/ശ്രീ/നിള),തൃശ്ശൂർ (കൈരളി/ശ്രീ/)കോഴിക്കോട്(കൈരളി/ശ്രീ), നോർത്ത് പരവൂർ, ചേർത്തല, എന്നിവിടങ്ങളിലെ തിയറ്ററുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) | ഇതിനായി നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ? | (ഇ) | നിയമനിർമ്മാണം നടത്തിയിട്ടുണ്ട്. 2013 ലെ 11-ാം നമ്പർ ഓർഡിനൻസ് പ്രകാരം തദ്ദേശാധികാരസ്ഥാന വിനോദനികുതി ആക്ടിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ